Deivarajyam February 2019

●R.N.7623/63

Registered No. KL/ALY/0020/2017-2019 ●R.N. 7623/1963

Date of publication: 1/2/2019

●Posted at Thodupuzha Stg.

Annual Subscription ₹ 100.00





St. Polycarp



Bl. Sr Rani Maria



St. John Britto


Printed at Sanjo Offset Press, Kothamangalam

Printer & Publisher Rev. Dr. George Thekkekara

Bishop's House, Kothamangalam - 686 691



ഫെബ്രുവരി 2019 വാല്യം 58 ലക്കം 2


# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# അഭിനന്ദനങ്ങൾ...

സീറോ മലബാർ സഭയുടെ

## വൈദികരത്നം

പുരസ്കാരം നേടിയ

**മോൺ. ജോർജ് ഓലിയപ്പുറം**

**അച്ചന്**



രൂപത കുടുംബത്തിന്റെ

അഭിനന്ദനങ്ങൾ



**രൂപത യുവജനവർഷ സമാപനം**



# നന്ദിയോടെ...



റവ. ഫാ. കുര്യാക്കോസ് കച്ചിറമറ്റം

**സേവന രംഗങ്ങൾ**

**അസി. വികാരി** - കത്തീഡ്രൽ

**വികാരി** - മച്ചിപ്ലാവ്, ഇരുമ്പുപാലം

ആയിരമേക്കർ, കല്ലാർകുട്ടി, നാടുകാണി,

മൂവാറ്റുപുഴ, ഊന്നുകൽ, മീങ്കുന്നം,

നെടിയകാട്, മാറാടി, വെളിയേൽച്ചാൽ,

കാവക്കാട്, കല്ലാനിക്കൽ, വാഴപ്പിള്ളി ഈസ്റ്റ്,

ആനിക്കാട്, കടവൂർ, രണ്ടാർ

Additional Choir Master of Diocese

Director K.M.G.M.I.T.C

Liturgical life promoter

Bursar - Nirmala College

Choir master of Diocese.

***വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന സ്നേഹം നിറഞ്ഞ അച്ചന്***
***രൂപത കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി...***



## രൂപത പ്രാർത്ഥനാദിനം - മാറിക

# ദൈവസന്നിധിയിൽ
## 37 വർഷം



**മാർ മാത്യു പോത്തനാമുഴി**

ഫെബ്രുവരി 6

പാവനസ്മരണകളോടെ
കോതമംഗലം രൂപത

# ആദരാഞ്ജലികൾ



## റവ. ഫാ. മാത്യു ഏഴാനിക്കാട്ട്

| | | |
|---|---|---|
| **ഇടവക** | : | **നെയ്യശ്ശേരി** |
| **ജനനം** | : | **19.03.1938** |
| **തിരുപ്പട്ടം** | : | **02.10.1996** |
| **മരണം** | : | **27.01.2019** |
| **മൃതസംസ്കാരം** | : | **29.01.2019** |

**സേവനരംഗങ്ങൾ :**

**അസി. വികാരി** – മങ്കുവാ, മുരിക്കാശ്ശേരി

**വികാരി** – പെരുമണ്ണൂർ, സെഹിയോൻ, ചെമ്മണ്ണാർ, കല്ലാർകുട്ടി, വാഴവര, ബസ്സഹം, മാലിപ്പാറ, കൂമ്പൻപാറ, പാറത്തോട്, കരിമ്പൻ, നെടിയശാല, മീങ്കുന്നം, ഞാറക്കാട്, പെരുമ്പല്ലൂർ

# ദൈവരാജ്യം





*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
ഫെബ്രുവരി 2019
ലക്കം 2

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


7 അഖിലലോക രോഗീദിനം– ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം
12 തിരുബാലസഖ്യദിനം സർക്കുലർ
16 രൂപതക്കച്ചേരി
21 മൈനർ സെമിനാരി
22 വിജ്ഞാനഭവൻ
24 വിദ്യാഭ്യാസം
24 തിരുബാലസഖ്യം
25 ചെറുപുഷ്പ മിഷൻലീഗ്
28 കെ. സി. എസ്. എൽ.
29 ഫാമിലി അപ്പോസ്റ്റലേറ്റ്
30 മാതൃവേദി
31 മദ്യവിരുദ്ധസമിതി
32 ഡി. എഫ്. സി.
32 യുവദീപ്തി
33 ജീസസ് യൂത്ത്
33 എ. കെ. സി. സി.
35 അല്മായഫ്രാൻസിസ്കൻ സഭ
35 പ്രാർത്ഥനാ ഗ്രൂപ്പ്
36 കേരള ലേബർ മൂവ്മെന്റ്
37 നെസ്റ്റ് പ്രോഗ്രാം
37 രൂപതാദ്ധ്യക്ഷന്റെ ഡയറി
40 **Bishop's Engagements**
41 സന്യാസസമൂഹത്തിന്റെ പുതിയ ഭാരവാഹികൾ
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
41 നിര്യാതരായി




## പള്ളിയിൽ അറിയിക്കുവാൻ

### ഫെബ്രുവരി

| | Page |
|---|---|
| അഖിലലോക രോഗീദിനം | 16 |
| വലിയനോമ്പാരംഭം | 16 |
| രൂപതാ പ്രാർത്ഥനാദിനം | 18 |
| രൂപതാ ബൈബിൾ കൺവൻഷൻ | 18 |
| ജൂബിലി സ്മാരക സ്കോളർഷിപ്പ് | 20 |

## തിരുനാളുകൾ

01 വി. എസ്തപ്പാനോസ്
02 നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം
പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ
04 വി. ജോൺ ബ്രിട്ടോ
08 ഗ്രീക്കു സഭാപിതാക്കന്മാർ
11 ലൂർദ്ദുമാതാവ് (രോഗീദിനം)
15 സുറിയാനി സഭാപിതാക്കന്മാർ
23 വി. പോളിക്കാർപ്പ്
25 വാ. സി. റാണി മരിയ

20.01.2018

# ഇരുപത്തിയേഴാം ആഗോള രോഗീദിനം - 2019

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

***"ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8)***

പ്രിയ സഹോദരീസഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കു കിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ-തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ- നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?" (1 കോറി 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകീയസമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ "ജീവന്റെ വൃക്ഷ"ത്തിൽ (cf. ഉത്പ 3,24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് "ദാനം" എന്ന കാറ്റഗറി. അതേസമയം, ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും സഹകരണമാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ





മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയംദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്കലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശുദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ "സൃഷ്ടികൾ" എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകരണം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങി വന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരിദ്ര്യത്തിൽ അവി

ടന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ -ഗർഭസ്ഥശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ - സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ - അതെ, കുറ്റകൃത്യംതന്നെ! - പാപഭാരം തിരിച്ചറിയുംവിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്" (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏകമാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും - പ്രത്യേകിച്ച് സഹിക്കുന്നവർക്ക്-സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുറന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.





ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകുംവിധം സ്വന്തമാക്കിയിരിക്കുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേകമേഖല ഇതാണ്-രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ-അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ-വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും-ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ

വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാ സ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാ തലങ്ങളിലുമുള്ള ഓരോ വ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരിഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

വത്തിക്കാൻസിറ്റി, 25 നവംബർ, 2018
പ്രപഞ്ചരാജാവായ കർത്താവായ യേശുക്രിസ്തുവിന്റെ
തിരുനാൾദിനം
ഫ്രാൻസിസ് പാപ്പാ





18.1.2019

# 2019 ഫെബ്രുവരി 10 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നുവരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധമറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്ക

ളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിതമാതൃക  കുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം" (സ്നേഹത്തിന്റെ ആനന്ദം, 287). ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള  അപ്പസ്തോലിക ഉദ്ബോധനമായ "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ" മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദത





കളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻ  എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസിസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്: നമ്മുടെ  കുഞ്ഞുങ്ങൾ എവിടെ ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുണ്ടോ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്, തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും  ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസ രൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും  കൂദാശകളെയും സഭാധികാരി കളെയും സന്ന്യാസ-പൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാസ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 10 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല സഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കുചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.





പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2019 ഫെബ്രുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

## രൂപതക്കച്ചേരി

### C. *12/2019* **അഖിലലോക രോഗീദിനം**

2019 ഫെബ്രുവരി 11-ാം തീയതി തിങ്കളാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C. 13/2019* **സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ**

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് 2019 മാർച്ച് 1-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണംമൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C.14/2019* **വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും**

2019 മാർച്ച് 3-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും

അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

*C. 15/2019* **Appointments and Transfers**

**Vicar :**

| | | |
|---|---|---|
| Rev. Fr. Augustine Vattakatt | - | Pareekanny |

**Vicar in Charge:**

| | | |
|---|---|---|
| Rev. Fr. Paulose Nedumthadathil | - | Randar |
| Rev. Fr. Kuriakose Kannampalliyil | - | Kuthumkal |

**Parochial Vicar**

| | | |
|---|---|---|
| Rev. Fr. Mathew Tharappil | - | Pothanikad |
| Rev. Fr. Antony Kalamparampil | - | Vazhakulam |
| Rev. Fr. Mathew Vazhaparambil O Prem | - | Paingottoor |
| Rev. Fr. Thomas Thyramcheril O Prem | - | Thodupuzha East |
| Rev. Fr. Mathew Kunnathuparayil CMI | - | Velielchal |
| Rev. Fr. Joseph Kolamkuzhiyil CMI | - | Arakuzha |
| Rev. Fr. Sebastian Palliparambil CMI | - | Kadavoor |

**Others**

| | | |
|---|---|---|
| Rev. Fr. Jose Vattakuzhy | - | Faridabad |
| Rev. Frt. Kuriakose Kachiramattom | - | Retirement |

*Bishop*

*C.16/2019* **കൃതജ്ഞത**

അവിഭക്ത കോതമംഗലം രൂപതയിലെ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലുമായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുന്ന ബഹു. കുര്യാക്കോസ് കച്ചി





റമറ്റം അച്ചന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

*Bishop*

*C.17/2019* **രൂപതാ പ്രോഗ്രാം കലണ്ടർ**

രൂപതയുടെ ഈ വർഷത്തെ കർമ്മപദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രോഗ്രാം കലണ്ടർ രൂപതാ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: www.kothamangalamdiocese.org സന്ദർശിക്കുക.

*Bishop*

*C. 18/2019* **Presbyterium**

A plenary meeting of the Priests of the Diocese of Kothamangalam will be conducted on Tuesday February 19 from 10.00 to 1.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

*C. 19/2019* **അജപാലന സന്ദർശനം**

2019 ഫെബ്രുവരി 3 - ഞാറക്കാട്

*Bishop*

*C. 20/2019* **Monthly Recollection for Priests**

Read in common Nos 721-730 of the Catechism of the Catholic Church.

*Syncellus*

*C. 21/2019* **രൂപതാ പ്രാർത്ഥനാദിനം**

ഫെബ്രുവരി മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം മുതലക്കോടം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് ഫെബ്രുവരി 22-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 3.30 pm മുതൽ 4.30 pm വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 4.30 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellus*

*C. 22/2019* **കോതമംഗലം രൂപതാ ബൈബിൾ കൺവെൻഷൻ**

കോതമംഗലം രൂപത പ്രാർത്ഥനാഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കൃപാഭിഷേക കൺവെൻഷൻ 2019 ഫെബ്രുവരി മാസം 6 മുതൽ 10 വരെ കോതമംഗലം സെന്റ് ജോർജ് HSS ഗ്രൗണ്ടിൽ വച്ച് നടത്ത

പ്പെടുന്നു. സമയം: 3.30 pm മുതൽ 9.00 pm വരെ. അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടർ ഫാ. ഡൊമിനിക് വാളമ്മനാൽ കൺവെൻഷൻ നയിക്കുന്നു.

*Protosyncellus*

### *C. 23/2019* രൂപത സാമ്പത്തിക കാര്യാലയത്തിലേക്കുള്ള ഫീസുകൾ

ഇടവകകളിൽ നിന്നുള്ള 2018-2019 വർഷത്തെ തിരട്ട് ഫീസ്, മറ്റ് രൂപതാ പിരിവുകൾ എന്നിവ മാർച്ച് മാസം 15-ന് മുമ്പായി രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

*Procurator*

### *PC.1/2019* പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്-2018 ഡിസംബർ 22

രൂപത അജപാലന സമിതിയുടെ സമ്മേളനം 2018 ഡിസംബർ 22-ാം തീയതി ശനിയാഴ്ച അഭിവന്ദ്യ മാർ ജോർജ് മഠത്തിൽക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കോതമംഗലം ബിഷപ്സ് ഹൗസിൽ നടന്നു. SH സന്യാസസഭയുടെ പ്രൊവിൻഷ്യൽ സി. ക്രിസ്റ്റി നയിച്ച പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ 80 പേർ പങ്കെടുത്തു. പ്രോട്ടോസിഞ്ചെല്ലൂസ് എല്ലാവരേയും സ്വാഗതം ചെയ്തു. കഴിഞ്ഞ സമ്മേളനത്തിന്റെ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. ആമുഖ പ്രസംഗത്തിൽ മതപരമായ കാര്യങ്ങളിൽ പൊതുതാല്പര്യം കുറഞ്ഞുവരുന്നതിലുള്ള ആശങ്ക അഭിവന്ദ്യ പിതാവ് അറിയിച്ചു. എവിടേയും ചോദ്യം ചെയ്യാനുള്ള പ്രവണത വർദ്ധിച്ചുവരുന്നതായും കാണുന്നു. ഇതിനെല്ലാം പ്രതിവിധി പുൽക്കൂടിന്റെ ചൈതന്യത്തിലേക്ക് മടങ്ങുകയാണ്. അവിടെ രാജാക്കന്മാരും ആട്ടിടയരും ഒരുമിക്കുന്നു. ഉച്ചനീചത്വങ്ങൾ അവസാനിക്കുന്നു.

പിന്നീട് നടന്ന ചർച്ചയിൽ ഏവരും സജീവമായി പങ്കുചേർന്നു. സമൂഹ പുനഃസൃഷ്ടിയിൽ സഭയുടെ പങ്ക് എന്നതായിരുന്നു ആദ്യത്തെ വിഷയം. സഭയ്ക്ക് സ്ഥാനമുണ്ടാകണമെങ്കിൽ നമുക്ക് നമ്മെക്കുറിച്ച്തന്നെ മതിപ്പുണ്ടാകണം. സഭയ്ക്കുള്ളിൽ നിന്നുതന്നെ അതൃപ്തി ഉണ്ടാകുന്നു. സമകാലീന സംഭവങ്ങൾ സഭയെ മുറിപ്പെടുത്തുന്നു. ഉത്തരവാദിത്വപ്പെട്ടവർ സ്വയം വിശുദ്ധീകരിക്കണം. സഭയിൽ അഭിപ്രായങ്ങൾ തുറന്നുപറയാൻ അവസരമുണ്ടാകണം. സഭയിലെ തീരുമാനങ്ങൾ നിഷ്പക്ഷമാകണം. പാവങ്ങളോട് ചേർന്ന് നില്ക്കുക, അവരെ കേൾക്കുക, അംഗീകരിക്കുക, പ്രോത്സാഹിപ്പിക്കുക. സഭയുടെ മുഖം പ്രധാനമായും ജനങ്ങൾ കാണുക വികാരിയച്ചന്മാരിലൂടെയാണ്. സഭ എത്ര





മാത്രം ജനങ്ങളുടെ പക്ഷം ചേരുന്നു എന്നതായിരുന്നു രണ്ടാമത്തെ വിഷയം. കത്തോലിക്കാസഭ ചെയ്യുന്ന സേവനങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും ഇന്ന് അറിയപ്പെടാതെ പോകുന്നു. അവ ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയണം. വൈദികർ ആത്മീയകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കണം. പള്ളിയിൽ വരാത്തവരേയും അനുധാവനം ചെയ്യണം. ഹോം മിഷൻ പോലുള്ള ഭവനസന്ദർശനങ്ങൾ നടത്തണം. ഇടവകകളിൽ പൊതുവെ ഏകീകരണമുണ്ടാകുകയും ആരാധനാക്രമവും പ്രവർത്തനങ്ങളും ഏതാണ്ടൊരുപോലെ ആവുകയും വേണം. രൂപതയ്ക്ക് ഒരു Monthly News paper പ്രസിദ്ധീകരിക്കുന്നത് നല്ലതാണ്.

കൃഷി പ്രോത്സാഹനമാണ് അടുത്ത വിഷയം. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുവാനും വിപണനം നടത്തുവാനും സഭ നേതൃത്വം കൊടുക്കണം. ആദ്യഘട്ടത്തിൽ 100 കർഷകരെ ഏറ്റെടുത്ത് ശക്തിപ്പെടുത്തുവാനും പണവും അറിവും കൊടുക്കുവാനും ഹരിത സമൃദ്ധം പദ്ധതിക്ക് കഴിയും. പള്ളികളുടെ കൃഷിയോഗ്യമായ സ്ഥലങ്ങൾ ഈ പദ്ധതിക്കായി ഉപയോഗിക്കാം. ഇടവകകൾ വഴി കൃഷി പരിശീലനം കൊടുക്കണം. സംസ്കരണ ഫാക്ടറികൾ യോഗ്യമായിടത്ത് സ്ഥാപിക്കണം. കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങുന്നതിന് Buy-Back agreement വേണം. AKCC നേതൃത്വത്തിൽ വന്യമൃഗശല്യം ഒഴിവാക്കുവാനുള്ള ശക്തമായ ഇടപെടലുമുണ്ടാകണം.

ഇടവകതിരുനാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണം വിശ്വാസത്തിന്റെ പ്രഘോഷണമാണ്. ആർഭാടവും ധൂർത്തും ഒഴിവാക്കുകയും മാർഗ്ഗതടസ്സമുണ്ടാക്കുന്നത് ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. അതിനാൽ റോഡിലൂടെയുള്ള പ്രദക്ഷിണങ്ങളുടെ എണ്ണം കുറയ്ക്കേണ്ടതാണ്. വിവാഹ ആഘോഷങ്ങളുടെ ധൂർത്തും ഒഴിവാക്കേണ്ടതാണ്.

വളരെ ഫലപ്രദമായ ചർച്ചകൾക്കുശേഷം മാർ ജോർജ് പുന്നക്കോട്ടിൽ ജൂബിലി സ്മാരക സ്കോളർഷിപ്പിന്റെ വിതരണം നടത്തി. 23 കുട്ടികളാണ് അതിനർഹരായത്. തുടർന്ന് പ്രൊഫ. T. M. ജോസഫ് ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു. ഉച്ചകഴിഞ്ഞ് രൂപതാ സ്ഥാപനങ്ങളുടെ 2017-2018 വർഷത്തെ കണക്കുകൾ വായിച്ച് പാസ്സാക്കി. മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ നല്കിയ സമാപന സന്ദേശത്തോടെ 3.30 pm-ന് യോഗം അവസാനിച്ചു.

### *JS. 2/2019* ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോത

മംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2019-2020 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2019 മെയ് 11-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2019 ഏപ്രിൽ 30-ാം തീയതിയ്ക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Chancellor*

## മൈനർ സെമിനാരി

*MS. 4 /2019* **നവവൈദികർക്ക് സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കി വൈദി





കപട്ടം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 10-ാം തീയതി മാതൃഭവനമായ മൈനർ സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നൽകി. നവവൈദികർ ആഘോഷമായ സമൂഹബലിയർപ്പിച്ചു. തുടർന്ന് സെമിനാരികുടുംബം അവരെ അനുമോദിച്ചു.

*MS 5 /2019* **അവധിക്കാല ധ്യാനം**

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 9 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

*MS 6 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Peter Paily Parayidom | ₹ | 1,00000 |
| 2 | John Tharian Elenjickal | ₹ | 5,000 |
| 3 | St. Joseh's Church, Parapuzha | ₹ | 25,000 |
| 4 | E.P. Mathachan Inchackal | ₹ | 12,500 |
| 5 | One Benefactor | ₹ | 12,000 |
| 6 | Punnose Parekkadavil, Vannapuram | ₹ | 6,000 |
| 7 | Antony George Oliapuram, Cathedral | ₹ | 15,000 |

*Rector*

## വിജ്ഞാനഭവൻ

*V.9/2019* **SMC അവാർഡ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമലബാർ പ്രതിഭാസംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നുള്ള **ജിബിൻ ജോസ് വാത്തോലിൽ പോത്താനിക്കാട്ട്** സംസ്ഥാനതലത്തിൽ പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

*V.10/2019* **ടീച്ചേഴ്സ് സെമിനാർ**

**ഫെബ്രുവരി 3 -ന് നടത്താനിരുന്ന ടീച്ചേഴ്സ് സെമിനാർ ചില സാങ്കേതിക കാരണങ്ങളാൽ മാർച്ച് 10 ലേയ്ക്ക് മാറ്റിയിരിക്കുന്നു.**

ഈ വർഷത്തെ ടീച്ചേഴ്സ് സെമിനാർ ഫൊറോന തലത്തിൽ ഫെബ്രുവരി 10, 17, 24 മാർച്ച് 10 എന്നീ തീയതികളിലായി നെസ്റ്റിൽ നടക്കുന്നതാണ്.

1. ഫെബ്രുവരി 10 ഞായർ - കരിമണ്ണൂർ, കാളിയാർ, മുതലക്കോടം ഫൊറോനകൾ

2. ഫെബ്രുവരി 17 ഞായർ - തൊടുപുഴ, മാറിക, മൈലക്കൊമ്പ് ഫൊറോനകൾ
3. ഫെബ്രുവരി 24 ഞായർ - കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ ഫൊറോനകൾ
4. മാർച്ച് 10 ഞായർ - വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ

**നാല് സെമിനാറുകളും മൂവാറ്റുപുഴ നെസ്റ്റിൽ വച്ചായിരിക്കും** നടത്തുക. **സമയം : 9.30 മുതൽ 3.30 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

**വരുന്ന അദ്ധ്യാപകരുടെ എണ്ണം സെമിനാറിന് 10 ദിവസം മുമ്പ് അറിയിക്കേണ്ടതാണ്.**

*V.11/2019* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസ്സിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികളിൽ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ: 8281853557**

*V.12/2019* **വിശ്വാസോത്സവം - ഏപ്രിൽ 1-4**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 4 വരെ നടത്തേണ്ടതാണ്. പുസ്തകവിതരണത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

വിശ്വാസോത്സവം 4 ദിവസങ്ങളിലും (ഏപ്രിൽ 1 മുതൽ 4 വരെ) രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

**വിശ്വാസോത്സവ പുസ്തകത്തിന്റെ വില - 40/-**

